ബി. എസ്. ഇ. എസ്സുമായുള്ള വൈദ്യുതി കരാർ

*5 [488] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, കെ. ബാബു:

,, ഡൊമിനിക് പ്രസന്റേഷൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. എസ്. ഇ. എസ്സിൽനിന്നും എത്ര കാലത്തേക്ക് വൈദ്യുതി വാങ്ങിക്കൊള്ളാമെന്നാണ് വൈദ്യുതി ബോർഡ് കരാർ വെച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ കരാറനുസരിച്ച് ബി. എസ്. ഇ. എസ്.-ൽ നിന്നും വൈദ്യുതി എടുക്കാതിരുന്നാൽ അവർക്ക് എന്ത് തുക നൽകണം എന്നു വ്യക്തമാക്കാമോ;

(സി) അവരിൽ നിന്നും എത്ര യൂണിറ്റി വൈദ്യുതിയാണ് വാങ്ങാൻ കഴിയുന്നത്;

(ഡി) ആ തുകകൊണ്ട് പവർ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും ഗ്ലോബൽ എനർജി ലിമിറ്റഡിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി വീതം വാങ്ങുവാൻ കഴിയും;

(ഇ) വൈദ്യുതി റെഗുലേറ്ററി ആക്ട് നിലവിൽ വന്നതിനാൽ ബി. എസ്. ഇ. എസുമായി ഉണ്ടാക്കിയിട്ടുള്ള കരാർ റദ്ദാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതു മുതൽ 14 വർഷമാണ് കരാർ കാലാവധി.

(ബി) വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം നടക്കുമ്പോൾ ആദ്യത്തെ വർഷം ഉദ്ദേശം 124.6 കോടി രൂപ ഫിക്സഡ് ചാർജ് നൽകേണ്ടതുണ്ട്. പവർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം ഈ തുകയിൽ ഓരോ വർഷം കഴിയുമ്പോഴും കുറവ് വരുന്നതാണ്. വൈദ്യുതി വാങ്ങാതിരുന്നാലും കരാർ പ്രകാരം ഫിക്സഡ് ചാർജ് നൽകേണ്ടതുണ്ട്.

(സി) കരാറനുസരിച്ച് 80% പ്ലാന്റ് ലോഡ് ഫാക്ടറിൽ പ്രതിവർഷം 1100 എം. യു. വൈദ്യുതി വാങ്ങാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പവർ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും ഗ്ലോബൽ എനർജിയിൽ നിന്നും ഹ്രസ്വകാലത്തേക്ക് വൈദ്യുതി നൽകാമെന്ന വാഗ്ദാനമാണ് ഉണ്ടായിട്ടുള്ളത്. ഈ കമ്പനികൾക്ക് ദിവസം മുഴുവൻ വൈദ്യുതി നൽകുവാനും ഓഫ്പീക് സമയത്ത് നൽകുവാനും വ്യത്യസ്ത നിരക്കാണുള്ളത്. ബോർഡ് മുൻകാലങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ ഉൾപ്പെട്ടിട്ടുള്ള കമ്പനികളുടെ വേരിയ്ബിൾ കോസ്റ്റും മറ്റു സാങ്കേതിക ഘടകങ്ങളും താരതമ്യപ്പെടുത്തിക്കൊണ്ട് മാത്രമേ ഈ കമ്പനികളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി വാങ്ങാൻ കഴിയുമായിരുന്നു എന്ന് നിശ്ചയിക്കാൻ കഴിയൂ. കരാർ പ്രകാരമുള്ള വൈദ്യുതി ഭാഗികമായി മാത്രമേ ലഭ്യമാക്കാൻ ടി കമ്പനികൾക്ക് കഴിഞ്ഞിരുന്നുള്ളൂ.

(ഇ) വൈദ്യുതി നിയമം, 2003 നിലവിൽ വന്നതോടുകൂടി റഗുലേറ്ററി കമ്മീഷൻ ആക്ട്, 1998 പ്രാബല്യത്തിൽ ഇല്ലാതായി. വൈദ്യുതി നിയമം, 2003-ൽ ബോർഡ് ഏർപ്പെട്ടിട്ടുള്ള കരാറുകൾ റദ്ദാക്കുന്നതിന് പ്രത്യേക വ്യവസ്ഥയില്ല.

സ്വകാര്യ ആശുപത്രികളിലെ പരിശോധനാ റിപ്പോർട്ടുകൾ രോഗികൾക്ക് മടക്കി നൽകാൻ നടപടി

*6 [489] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ രോഗികൾ പണം മുടക്കി എടുക്കുന്ന എക്സ്റേ, സ്കാൻ മുതലായവയുടെ റിപ്പോർട്ടുകളും ലബോറട്ടറി പരിശോധനാഫലങ്ങളും തുടർ ചികിത്സയ്ക്കുവേണ്ടി രോഗികൾക്ക് മടക്കി നൽകാറില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ രോഗികൾ ആവശ്യപ്പെട്ടാൽ നൽകണമെന്ന് സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികൾക്കും സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുമോ; നിലവിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ചില സ്വകാര്യ ആശുപത്രികൾ റിപ്പോർട്ടുകളും മറ്റും മടക്കി നൽകാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly